**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം,തിരുവനന്തപുരം, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**വിഷയം:** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം — ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, സമാന തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പുറപ്പെടുവിച്ച്- ഉത്തരവാകുന്നു.

**പരാമർശം:**1. ഈയാഫീസിലെ 24.05.2018 ലെ ഇതേ നമ്പർ ഉത്തരവും അതോടൊപ്പം പ്രസിദ്ധപ്പെടുത്തിയ കരട് സീനിയോറിറ്റി പട്ടികയും

2. കോട്ടയം, നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ 07.06.2018 - ലെ ഇ/1278/2018/സി.എൻ.കെ നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീ.ജോൺ തോമസ്, ക്ലറിക്കൽ അറ്റൻഡറുടെ അപേക്ഷയും

3. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 07.06.2018 - ലെ ഇ.എൻ 3 /14451/2018/ എം.സി.റ്റി. നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീ.റഷീദ് എ, ശ്രീമതി. സുധ സി, എന്നീ ക്ലറിക്കൽ അറ്റൻഡർമാരുടെ അപേക്ഷയും

4. തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 08.06.2018 - ലെ ഇ 6 /11934/2017/എം.സി.റ്റി.സി.ആർ നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീ.രമേഷ് കുമാർ പി.എസ്, ക്ലറിക്കൽ അറ്റൻഡറുടെ അപേക്ഷയും

5. കൊല്ലം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 21.06.2018- ലെ ഇ 1/ 3956/2018/ജി.എം.സി.കൊല്ലം നമ്പർ കത്തും അതോടൊപ്പം ലഭ്യമായ ശ്രീ.ഷാജു എസ്, ക്ലറിക്കൽ അറ്റൻഡറുടെ അപേക്ഷയും,

**ഉത്തരവ് നമ്പർ : ഇ5/20222/2017/മെ.വി.വ. തീയ്യതി: 19.02.2019**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, സമാന തസ്തികകളിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധപ്പെടുത്തുകയും ഇതിന്മേൽ എന്തെങ്കിലും പരാതിയോ, ആക്ഷേപമോ ഉണ്ടെങ്കിൽ, ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ, **08/06/2018** തീയ്യതിക്ക് മുൻപായി സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

കരട് സീനിയോറിറ്റി പട്ടികയിന്മേൽ ലഭ്യമായ പരാമർശം 2,3,4,5, അപ്പീലുകൾ വിശദമായി പരിശോധിച്ചു.

- കോട്ടയം, നഴ്സിംഗ് കോളേജിലെ ക്ലറിക്കൽ അറ്റൻഡർ, ശ്രീ.ജോൺ തോമസ്, കരട് സീനിയോറിറ്റി പട്ടികയിലെ തന്റെ സ്ഥാനം പുനർ നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2 ) പ്രകാരം നൽകിയ രേഖകൾ പരിശോധിച്ചതിൽ നിന്നും, ടിയാനെ 17/07/2009 മുതൽ മുൻകാല പ്രാബല്യത്തോടെ ലൈബ്രറി അറ്റൻഡറായി നിയമിച്ചിട്ടുള്ളത് പരിഗണിച്ച് സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ (4 ) ആയി സീനിയോരിറ്റി പുനർ നിർണ്ണയിക്കുന്നു.

- കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (43) ശ്രീ.റഷീദ് എ., പി.എസ്.സ്സി നിയമന ശുപാർശ തീയ്യതിയെ അടിസ്ഥാനപ്പെടുത്തി സീനിയോറിറ്റി പട്ടികയിലെ തന്റെ സ്ഥാനം പുനർ നിർണ്ണയിക്കണമെന്ന് അഭ്യർഥിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ പരാമർശം (3) പ്രകാരം നൽകിയ രേഖകൾ പരിശോധിച്ചു. ക്ലറിക്കൽ അറ്റൻഡർ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടുന്നവരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീ. ഷിബു എസ്.എൽ. –ന്റെ സ്ഥാനം ശ്രീ.റഷീദിനേക്കാൾ മുൻപന്തിയിലാണ്. ശ്രീ.ഷിബു എസ്.എൽ, ശ്രീ.റഷീദിനേക്കാൾ മുൻപേ തന്നെ ക്ലറിക്കല് അറ്റൻഡർ തസ്തികയിൽ പ്രവേശിച്ചിരുന്നു. ആയതു പരിഗണിക്കുമ്പോൾ, സീനിയോറിറ്റി പട്ടികയിലെ ശ്രീ.റഷീദിന്റെ സ്ഥാനം പുനർ നിർണ്ണയിക്കേണ്ടതില്ല.

- കരട് പട്ടികയിലെ ക്രമ നമ്പർ (12) ശ്രീമതി.സുധ സി, തന്റെ അധിക വിദ്യാഭ്യാസ യോഗ്യതകൾ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം നൽകിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാരി B.A, B.Ed, ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ് –ലോവർ) എന്നീ യോഗ്യതകൾ കരസ്ഥമാക്കിയിട്ടുള്ളതായി ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നു.

- കരട് സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ (24) ശ്രീ. രമേഷ് കമാർ പി.എസ്, തന്റെ നിയമന ഉത്തരവിന്റെ തീയ്യതി തെറ്റായി രേഖപ്പെടുത്തിയത് 27.10.2006 എന്ന് തിരുത്തണമെന്ന് പരാമർശം (4) പ്രകാരം അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തില് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാന്റെ നിയമന ഉത്തരവിന്റെ തീയ്യതി 27.10.2006 എന്ന് തിരുത്തുന്നു.

- കരട് പട്ടികയിലെ ക്രമ നമ്പർ (19) ശ്രീ. ഷാജു എസ്, തന്റെ അധിക വിദ്യാഭ്യാസ യോഗ്യതകൾ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (5) പ്രകാരം നൽകിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാന് B.Com, യോഗ്യത കരസ്ഥമാക്കിയിട്ടുള്ളതായി ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ക്ലറിക്കൽ അറ്റൻഡർ, ലൈബ്രറി അറ്റൻഡർ, സമാന തസ്തികകളിലെ ജീവനക്കാരുടെ പരാമർശം (1) കരട് സീനിയോറിറ്റി പട്ടികയിൽ മേൽപ്പറഞ്ഞ തിരുത്തലുകൾ നടത്തിയ ശേഷമുള്ള അന്തിമ സീനിയോറിറ്റി പട്ടിക ഇതോടൊപ്പം അനുബന്ധമായി പ്രസിദ്ധീകരിക്കുന്നു. സ്ഥാപനമേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോറിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ബന്ധപ്പെട്ട ജീവനക്കാർക്ക് പട്ടികയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്/-

**അബ്ദുൽ മജീദ് കക്കോട്ടിൽ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ഉള്ളടക്കം: അന്തിമ സീനിയോറിറ്റി പട്ടിക

**പകർപ്പ്:** 1. **പ്രിൻസിപ്പാൾ,ഗവ.മെഡിക്കൽ കോളേജ്/ഗവ.ദന്തൽ കോളേജ് /ഗവ.നഴ്സിംഗ് കോളേജ്** തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്/മഞ്ചേരി/ഇടുക്കി/കൊല്ലം

2. ഡി.എം.ഇ വെബ്സൈറ്റ്/ഫയൽ/കരുതൽ

**ഉത്തരവിൻ പ്രകാരം**

**ജൂനിയർ സൂപ്രണ്ട്**